6. ട്രേഡ് മാർക്ക് ആക്ടിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ബ്രാൻഡ് നെയിം ഉപയോഗിക്കുന്ന റെസ്റ്റോറന്റുകളെ 0.5 ശതമാനം എന്ന കുറഞ്ഞ കോമ്പൗണ്ടിംഗ് നിരക്കിന്റെ ആനുകൂല്യത്തിൽ നിന്നും മാറ്റുകയും 5 ശതമാനം ഫിക്സഡ്ഡ് നിരക്ക് ബാധകമാക്കുകയും ചെയ്തിട്ടുണ്ട്. 10 കോടി രൂപയുടെ അധിക വരുമാനം ഇതിൽനിന്നും പ്രതീക്ഷിക്കുന്നു.

7. മെറ്റൽ ക്രഷറുകളുടെ കോമ്പൗണ്ടിംഗ് നിരക്ക് പരിഷ്ക്കരിച്ചതിലൂടെ 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

8. എം-സാന്റിന്റെ നികുതി നിരക്ക് 14.5 ശതമാനം ആയി ഉയർത്തുകയും കോമ്പൗണ്ടിംഗ് നികുതി ഏർപ്പെടുത്തുകയും ചെയ്തതിലൂടെ 40 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

കൂടാതെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികളും സർക്കാർ ഊർജ്ജിതമാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സൗന്ദര്യവർദ്ധക വസ്തുക്കളായി നികുതി ഏർപ്പെടുത്തിയിരുന്ന ഉൽപ്പന്നങ്ങൾ

157 **(6608)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാർ സൗന്ദര്യവർദ്ധകവസ്തുക്കളായിക്കണ്ട് നികുതി ഏർപ്പെടുത്തിയിരുന്ന ഏതെല്ലാം ഉൽപ്പന്നങ്ങളെയാണ് ഈ സർക്കാർ ആയുർവ്വേദ മരുന്നുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വിഭാഗമാറ്റം കൊണ്ട് എത്ര ശതമാനം നികുതി ആണ് നഷ്ടപ്പെടുന്നത് എന്ന് വിശദമാക്കാമോ ;

(സി) നികുതിമാറ്റം വരുത്തിയതിന്റെ തൊട്ടുമുമ്പത്തെ സാമ്പത്തിക വർഷം ഈ ഇനത്തിൽ സർക്കാരിന് ലഭിച്ച നികുതി വരുമാനം എത്രയാണെന്നും നികുതിമാറ്റം വരുത്തിയ സാമ്പത്തികവർഷം ഈ ഇനത്തിൽ ലഭിച്ച നികുതി വരുമാനം എത്രയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) അലോപ്പതി മരുന്നുകൾക്കൊപ്പം ആയുർവ്വേദ മരുന്നുകൾക്കും കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം 31-3-2012 വരെ 4 ശതമാനം ആയിരുന്നു നികുതി. ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കോസ്മെറ്റിക് വിഭാഗത്തിൽപ്പെട്ട ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് ഈ നിയമത്തിന്റെ തുടക്കം മുതൽതന്നെ ഒരു തർക്കവിഷയമായിരുന്നു. ഇതിനെത്തുടർന്ന് ചില വ്യാപാരികൾ വകുപ്പ് 94 പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെടുകയും അതിൻപ്രകാരം 12-11-2009-ൽ വാണിജ്യ നികുതി കമ്മീഷണർ

LIBRARY ARCHIVES Kerala Legislative Assembly

പുറപ്പെടുവിച്ച ഉത്തരവിൽ ഇത്തരം ഉൽപ്പന്നങ്ങൾക്ക് 12.5 ശതമാനം ആണ് നികുതിയെന്ന് വ്യക്തമാക്കുകയും ചെയ്തു. ഇതിനെതിരെ നൽകിയ അപ്പീലിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ക്ലാരിഫിക്കേഷൻ ഉത്തരവിനെ ശരിവയ്ക്കുകയാണ് ഉണ്ടായത്.

വ്യാപാരികൾ ഈ ഉൽപ്പന്നങ്ങൾക്ക് നാല് ശതമാനം നികുതിയേ പിരിച്ചിരുന്നുള്ളൂ എന്നത് കണക്കിലെടുത്ത് മുൻകാല ബാധ്യത ഈ മേഖലയ്ക്ക് താങ്ങാവുന്നതിനപ്പുറമാണെന്ന് മനസ്സിലാക്കിയതിനാൽ കമ്മീഷണറുടെ ക്ലാരിഫിക്കേഷൻ പുറത്തിറങ്ങുന്നതിനു മുമ്പുള്ള കാലത്തെ നികുതി വർദ്ധന ഒഴിവാക്കുന്നതാണെന്ന് 2011-12-ലെ ബജറ്റ് പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. 2011-12-ലെ ഇടക്കാല ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ടി നികുതി നിർദ്ദേശത്തിന് കേരള ധനകാര്യ നിയമം 2011 പ്രകാരം പ്രാബല്യം നൽകുകയുണ്ടായി. ഇതനുസരിച്ച് ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ആയുർവ്വേദ സൗന്ദര്യവർദ്ധക വസ്തുക്കളുടെ നികുതി നിരക്ക് 1-4-2005 മുതൽ 12-11-2009 വരെ 4 ശതമാനമായി ധനകാര്യ നിയമം 2011 മുഖേന നിജപ്പെടുത്തി. തുടർന്ന് ഈ സർക്കാർ കേരള ധനകാര്യ നിയമം 2012 പ്രകാരം ആയുർവ്വേദ സൗന്ദര്യവർദ്ധക വസ്തുക്കളെ മൂന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിക്കൊണ്ട് നികുതി നിരക്ക് 1-4-2012 മുതൽ 5 ശതമാനമായി കുറവ് ചെയ്തു.

(ബി) ഈ വിഭാഗമാറ്റംകൊണ്ട് 8.5 ശതമാനം നികുതിയിളവാണ് ടി ഉൽപ്പന്നങ്ങൾക്ക് നൽകിയിട്ടുള്ളത്.

(സി) 1-4-2012-നുമുമ്പ് ആയുർവ്വേദ കോസ്മെറ്റിക്കുകളെ ആയുർവ്വേദ മരുന്നുകളുടെ ഗണത്തിൽപ്പെടുത്തിയാണ് ഭൂരിപക്ഷം വ്യാപാരികൾ റിട്ടേൺ ഫയൽ ചെയ്ത് നികുതി ഒടുക്കിയിട്ടുള്ളത്. 1-4-2012-നുശേഷം ആയുർവ്വേദ മരുന്നുകൾക്കും സൗന്ദര്യവർദ്ധക വസ്തുക്കൾക്കും ഒരേ നികുതി നിരക്കാണ്. ആയതിനാൽ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. എന്നാൽ, നികുതി നിർണ്ണയത്തിന് വിധേയമായി കേസ്സുകളുടെ അടിസ്ഥാനത്തിൽ 13-11-2009 മുതൽ 31-3-2012 വരെയുള്ള കാലയളവിൽ മുൻകാല പ്രാബല്യത്തോടെ നികുതി നിരക്ക് കുറച്ച നടപടിമൂലം 10 കോടി രൂപയാണ് റവന്യൂ നഷ്ടമായി കണക്കാക്കപ്പെട്ടിട്ടുള്ളത്.

ഉൽപ്പന്നങ്ങളുടെ തരംതിരിവ്

158 (6609) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാർ സൗന്ദര്യവർദ്ധക വസ്തുക്കളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന ഉത്പന്നങ്ങൾ ആയുർവ്വേദ മരുന്നുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ സർക്കാരിന്റെ കാലത്ത് ഗവൺമെന്റ് ഉത്തരവായത് എന്നാണ് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly